(ഡി) ഇന്റഗ്രേഷൻ സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

154 (1758) ഗുണനിലവാരമുള്ള മരുന്നുകൾ വാങ്ങാൻ നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലേയ്ക്ക് വാങ്ങുന്ന മരുന്നുകളും സർജിക്കൽ ഉപകരണങ്ങളും ഗുണനിലവാരമില്ലാത്തതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരമില്ലാത്തതാണെന്ന് ഡ്രഗ്സ് കൺട്രോളറുടെ പരിശോധനയിൽ തെളിഞ്ഞ കമ്പനികൾ ഇപ്പോഴും മരുന്നുവിതരണം നടത്തിവരികയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗുണനിലവാരത്തിൽ നിഷ്കർഷത പുലർത്തുന്ന കമ്പനികൾ ബി.പി.സി. ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെടുകയോ ഒഴിഞ്ഞുനിൽക്കുകയോ ചെയ്യുന്നതായ പ്രവണത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ചില മരുന്നുകളിലെ ചില ബാച്ചുകൾ ഗുണനിലവാരം കുറഞ്ഞവയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡ്രഗ്സ് കൺട്രോളറുടെ പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്തതെന്ന് തെളിയുന്ന മരുന്നുകളുടെ ഉപയോഗം ഉടൻ നിറുത്തിവയ്ക്കുകയും പ്രസ്തുത മരുന്നുകൾ വിതരണം നടത്തിയതിന് ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്ട് അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഗുണനിലവാരം കുറഞ്ഞ ബാച്ച് തിരികെ എടുത്ത് പകരം ഗുണനിലവാരമുള്ള പുതിയ ബാച്ചുകൾ വിതരണം ചെയ്യുകയുമാണ് ചെയ്തുവരുന്നത്. ഒരു കമ്പനിയേയും സ്റ്റോർ പർച്ചേസ് നിയമമനുസരിച്ച് ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടില്ല.

(സി) ഇല്ല.

155 (1759) മെന്റൽ ഹെൽത്ത് അതോറിറ്റി

ശ്രീ. പി. രാഘവൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ ;
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെന്റൽ ഹെൽത്ത് അതോറിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന സർക്കാരിന്റെ മാനസികാരോഗ്യനയം എന്തെന്നു വെളിപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച രേഖ ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തെ മനോരോഗികളുടെ എണ്ണം, പ്രസ്തുത രോഗത്തോട് മറ്റുള്ളവരുടെ സമീപനം എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(എഫ്) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) മനോരോഗനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

1. കേരളത്തിലെ മാനസികരോഗചികിത്സാരംഗം മെച്ചപ്പെടുത്തുക.

2. മാനസികാരോഗ്യപ്രവർത്തനപരിപാടികളെ നിലവിലുള്ള പൊതുജനാരോഗ്യപരിപാടിയുടെ ഭാഗമാക്കുക.

3. സംസ്ഥാനത്ത് നിലനിൽക്കുന്ന വിവിധ മാനസികാരോഗ്യചികിത്സാരീതികളെ നിയന്ത്രിക്കുക, ചികിൽസാരീതികളെ ഉദ്ധരിപ്പിക്കുക, ഏകോപിപ്പിക്കുക എന്നിവ.

4. മാനസികാരോഗ്യകേന്ദ്രങ്ങളുടേയും സ്വകാര്യ മാനസികരോഗാശുപത്രികളുടേയും മറ്റ് ഏജൻസികളുടേയും മേൽനോട്ടം, നിയന്ത്രണം എന്നിവ.

5. മാനസിക രോഗചികിൽസ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും സംസ്ഥാന സർക്കാരിനെ ഉപദേശിക്കുകയും സഹായിക്കുകയും ചെയ്യുക.

(സി) ഉണ്ട്. 1987-ലെ കേന്ദ്ര മെന്റൽ ഹെൽത്ത് ആക്ടിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും അതത് സംസ്ഥാനത്ത് 'മെന്റൽ ഹെൽത്ത് അതോറിറ്റികൾ' രൂപീകരിച്ചിരിക്കണം. അതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലും ഇത്തരത്തിലൊരു മാനസികാരോഗ്യ അതോറിറ്റിക്ക് രൂപം കൊടുത്തിട്ടുള്ളത്. ആയതിനാൽ ഇതിന്റെ പ്രവർത്തനം വിലയിരുത്തേണ്ടത് കേന്ദ്രസർക്കാരാണ്. എന്നിരുന്നാലും കേരളാ സ്റ്റേറ്റ് മെന്റൽഹെൽത്ത് അതോറിറ്റി രൂപംകൊണ്ടശേഷമുള്ള (1997) പ്രവർത്തന റിപ്പോർട്ട് 1998ൽ കേരള സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

മെന്റൽ ഹെൽത്ത് അതോറിറ്റി നടപ്പിലാക്കിയിട്ടുള്ള പ്രധാന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. 1997 ജൂലൈ 29ന് സ്വതന്ത്രമായി ഒരു ഓഫീസ് തുറന്ന് കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി പ്രവർത്തനം ആരംഭിച്ചു.

2. സ്വകാര്യമേഖലയിലുള്ളത് ഉൾപ്പെടെയുള്ള മാനസികരോഗചികിൽസാ കേന്ദ്രങ്ങളുടെ പ്രവർത്തനവും സൗകര്യങ്ങളും പരിശോധിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലേക്കും വേണ്ടി മെന്റൽ ഹെൽത്ത് ഇൻസ്പെക്ടർമാരെ സർക്കാർ ഉത്തരവ് നം:(പി)222/97/സ.കു.വ തീയതി: 23.7.97 പ്രകാരം നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

3. ഇന്റർനാഷണൽ മെന്റൽ ഹെൽത്ത് നെറ്റ് വർക്ക് എന്ന സംഘടനയുടെ ഒരു ഇന്റർനാഷണൽ കോൺഫറൻസ് തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ സംഘടിപ്പിക്കുകയും അതിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള മനോരോഗ വിദഗ്ദ്ധരും പങ്കെടുക്കുകയും കേരളത്തിലെ മാനസിക രോഗ പ്രവർത്തകർക്ക് മനോരോഗ ചികിൽസാരംഗത്തെ നൂതന പ്രവണതകളെക്കുറിച്ച് അറിവ് പകരുന്നതിനുള്ള ഒരു വേദിയായി തീരുകയും ചെയ്തു.

4. കേരളത്തിലെ പതിമൂന്ന് ജില്ലകളിലെ ജനങ്ങൾക്കിടയിൽ മനോരോഗങ്ങളെകുറിച്ച് ഒരു പഠനം നടത്തുകയും അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു.

5. ജനകീയാസൂത്രണപദ്ധതിയുടെ സഹായത്തോടെ കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്തിൽ മാനസികരോഗികൾക്കായി ഒരു സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി ആരംഭിച്ചു.

6. പെരുകിവരുന്ന കൂട്ട ആത്മഹത്യ പ്രവണതകൾ തടയുന്നതിനായി പത്രമാധ്യമപ്രവർത്തകർക്കായി ''ആത്മഹത്യ തടയൽ, മാധ്യമപ്രവർത്തകരുടെ പങ്ക്''എന്ന വിഷയത്തിൽ ഒരു വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

7. കേരളത്തിലെ മാനസികാരോഗ്യ പ്രവർത്തനമേഖലയുടെ സമഗ്രവികസനത്തിന്റെ അടിസ്ഥാനരേഖയായ കേരള മാനസികാരോഗ്യനയം തയ്യാറാക്കി സമർപ്പിച്ചു.

8. കേരള മാനസികാരോഗ്യ നിയമം തയ്യാറാക്കുന്നതിനുവേണ്ടി ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധൻമാരുമായി ആശയവിനിമയം നടത്തിവരുന്നു.

9. 1997-98-99 വർഷങ്ങളിൽ ലോകമാനസികാരോഗ്യദിനം (ഒക്ടോബർ 10) സമുചിതമായി ആചരിക്കുകയും അതിന്റെ ഭാഗമായി മനോരോഗവിദഗ്ധൻമാരടങ്ങിയ സമിതികൾക്കുവേണ്ടി വർക്ക്ഷോപ്പുകളും ചർച്ചകളും സംഘടിപ്പിക്കുകയും ഇതിന്റെ റിപ്പോർട്ടുകൾ ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

10. വള്ളക്കടവിൽ മയക്കുമരുന്നിനടിമപ്പെട്ടവരെ ചികിത്സിക്കുന്നതിലേക്കായി സ്റ്റേറ്റ് എയ്ഡ്സ് സെൽ, ജില്ലാ മെഡിക്കൽ ആഫീസ്, ജനറൽ ആശുപത്രി, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ ഒരു എമർജൻസി ക്യാമ്പ് സംഘടിപ്പിച്ച് ചികിൽസിക്കുകയും തുടർസഹായം നൽകിവരികയും ചെയ്യുന്നു.

(ഡി) ഉണ്ട്.

(ഇ)&(എഫ്) സമഗ്രമായ ഒരു പഠനം മെന്റൽ ഹെൽത്ത് അതോറിറ്റി നടത്തിയിട്ടുണ്ട്. അതിൻപ്രകാരം കേരളത്തിൽ 1000ൽ രണ്ട്പേർക്ക് മാത്രമേ ഗുരുതരമായ മാനസികരോഗം ഉള്ളതായി കണ്ടിട്ടുള്ളൂ. ഇത് ഇൻഡ്യയിലും ലോകത്തിന്റെ ഇതര ഭാഗങ്ങളിലും ഉള്ളതിന് തുല്യമാണ്.

പ്രസ്തുത പഠനത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

2% ആൾക്കാർ കേരളത്തിൽ സ്കിയോ ഫ്രീനിയ എന്ന ഗുരുതരമായ മാനസിക രോഗം ഉള്ളവർ ആണെന്ന് തെളിഞ്ഞിട്ടുണ്ട്.

2. വിവാഹമോചിതരുടെയിടയിൽ സാധാരണ ജനങ്ങളുടെ ഇടയിൽ ഉള്ളതിനേക്കാൾ സ്കിയോ ഫ്രീനിയ എന്ന രോഗം 17 ഇരട്ടി കൂടുതൽ ആണെന്ന് തെളിഞ്ഞിട്ടുണ്ട്.

1062/2010.

LIBRARY ARCHIVES Kerala Legislative Assembly

3. സ്കിയോ ഫ്രീനിയ രോഗബാധിതരിൽ 51% പേർ അലോപ്പതിക് ചികിത്സ സ്വകാര്യചികിത്സയിൽ നിന്നും 19% പേർ ഗവൺമെന്റ് അലോപ്പതിക് സ്ഥാപനങ്ങളിൽ നിന്നും 17% പേർ ആയുർവ്വേദ ചികിത്സയും സ്വീകരിക്കുന്നവരും 6 പേർ പ്രാർത്ഥനയും നടത്തുന്നവരും, 9.7% പേർ ഒരു ചികിത്സയും നടത്താത്തവരാണെന്നും തെളിഞ്ഞിട്ടുണ്ട്.

(ജി) മാനസികാരോഗ്യനയത്തിന് അനുസൃതമായി വിദഗ്ദ്ധ നിർദ്ദേശങ്ങൾ സാമ്പത്തികലഭ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുകയും മറ്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

156 (1760) രോഗനിർണ്ണയത്തിന് ആവശ്യമായ ഉപകരണങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ രോഗ നിർണ്ണയത്തിന് ആവശ്യമായ ഉപകരണങ്ങൾ ഏതെല്ലാം വിഭാഗങ്ങളിലാണ് ലഭ്യമാക്കിയിരിക്കുന്നത്;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇനി ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം ഉപകരണങ്ങളാണ് ലഭ്യമാക്കാനുള്ളത്;

(സി) ഇത് എന്നത്തേക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ലാബുകളിൽ എല്ലാതരത്തിലുമുള്ള രക്ത പരിശോധനകളും നടത്താനുള്ള സൗകര്യം നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ വിവിധ വിഭാഗങ്ങളിൽ രോഗ നിർണ്ണയത്തിനും ചികിത്സക്കും ആവശ്യമായ ഉപകരണങ്ങൾ അതത് വിഭാഗങ്ങളിൽ ലഭ്യമാണ്. ആവശ്യാനുസരണം കൂടുതൽ ഉപകരണങ്ങൾ ധനലഭ്യതയ്ക്ക് വിധേയമായി ലഭ്യമാക്കുന്നതുമാണ്.

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ വിവിധ തരത്തിലുള്ള രക്തപരിശോധനകൾ നടത്തി വരുന്നു. റ്റി.സി, ഡി.സി, ഇ.എസ്.ആർ, എച്ച്. ബി, ബ്ലീഡിംഗ് ടൈം, ക്ലോട്ടിംഗ് ടൈം, എച്ച്.ബി.എസ്, എ.ജി, വി.ഡി.ആർ, എൽ, ബ്ലഡ് ഷുഗർ, യൂറിയ, സോഡിയം, പൊട്ടാസ്യം, ലിവർ ഫംഗ്ഷൻ ടെസ്റ്റ് ക്രിയേറ്റിൻ, കൾച്ചർ, സെൻസിറ്റിവിറ്റി, വൈഡാൾ, എച്ച്.ഐ.വി. ടെസ്റ്റ് എന്നീ ടെസ്റ്റുകൾ നടത്തുന്നുണ്ട്. കംപ്ലീറ്റ് ആട്ടോമേഷൻ ഇൻ ബയോകെമിസ്ട്രി ആന്റ് കൊയാഗുലേഷൻ ടെസ്റ്റ് എന്നിവ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly